പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2526 | 19.12.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ജനറിക് നാമത്തിൽ പ്രിസ്ക്രിപ്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജമരുന്നുകൾ വിപണിയിൽ വ്യാപകമായി വിറ്റഴിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് വ്യാജ മരുന്നുകൾ വിപണിയിൽ വ്യാപകമായി വിറ്റഴിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതാണ്ട് മൂന്ന് വർഷങ്ങൾക്ക് മുമ്പ് ചില പ്രമുഖ കമ്പനികളുടെ മരുന്നുകളുടെ ലേബൽ മാറ്റി സ്വയം പ്രിന്റ് ചെയ്ത് ലേബൽ ഒട്ടിച്ച് വില്പന നടത്തുവാൻ ശ്രമിച്ച ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും ടി മരുന്നുകൾ മുഴുവൻ കണ്ടുകെട്ടി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ ക ണ്ടുകെട്ടിയിട്ടുള്ള വിവിധ വ്യാജ മരുന്നുകളുടെ വിശദാംശങ്ങൾ അറിയിക്കുകയും ഇത്തരം മരുന്നുകൾ കേരളത്തിൽ ലഭ്യമാണോ എന്ന് ഊർജ്ജിതമായി അന്വേഷിക്കുകയും വ്യാജ മരുന്നുകൾ ഒന്നും കേരളത്തിൽ വിറ്റഴിക്കപ്പെടുകയും ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ബി)സംസ്ഥാനത്ത് ഡോക്ടർമാർ മരുന്നുകളുടെ ജനറിക് നാമം പ്രിസ്ക്രിപ്ഷനിൽ രേഖപ്പെടുത്തി നൽകണമെന്ന നിർബന്ധിത നിയമം നിലവിലുണ്ടോ ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനുള്ള എന്ത് സംവിധാങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) സംസ്ഥാനത്ത് ഡോക്ടർമാർ മരുന്നുകളുടെ ജനറിക് നാമം പ്രിസ്ക്രിപ്ഷനിൽ രേഖപ്പെടുത്തി നൽകണമെന്ന നിർബന്ധിത നിയമം നിലവിലില്ല. എന്നാൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള എല്ലാ ഡോക്ടർമാരും ജനറിക് മരുന്നുകൾ കുറിച്ച് നൽകണമെന്ന് ആരോഗ്യ വകുപ്പ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ